എസ്കലേഷൻ ഫണ്ട്

67 [5524] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന പതിനൊന്നോളം ഡി-ഫൈബറിംഗ് സംഘങ്ങൾക്ക് എസ്കലേഷൻ ഫണ്ടായി അനുവദിച്ച തുക സമയപരിധിയായ 2003 മാർച്ച് മാസത്തിൽ ഉപയോഗിക്കാൻ കഴിയാതെ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങൾ പ്രവർത്തിച്ച സമയത്തുവന്ന കടബാദ്ധ്യതകൾപോലും ഇതു മൂലം തീർക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഫണ്ടിന്റെ ഉപയോഗകാലാവധി നീട്ടി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉപയോഗകാലാവധി നീട്ടിനൽകുവാനുള്ള അപേക്ഷ സമർപ്പിച്ച സംഘങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് 31-12-03 വരെ സമയം നീട്ടുന്നതിന് എൻ. സി. ഡി. സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വനപ്രദേശങ്ങളുടെ സർവ്വേ

68 [5529] ശ്രീ. കെ. മുഹമ്മദാലി:
,, വർക്കല കഹാർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഡി. സുഗതൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങൾ ബ്ലോക്കുതിരിച്ച് സർവ്വേ നടത്തി വിസ്തൃതി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഓരോ ബ്ലോക്കിന്റെയും പ്ലാനും സ്കെച്ചും തയ്യാറാക്കുകയും അവയിൽ നിൽക്കുന്ന പ്രധാന മരങ്ങളുടെ സ്ഥാനം നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളിൽ ബ്ലോക്കുതിരിച്ച് സർവ്വേ നടത്തിയിട്ടില്ല.

(സി) പ്രസ്തുത വനഭാഗങ്ങളുടെ അതിർത്തികൾ പുനർനിർണ്ണയിച്ചുകൊണ്ടിരിക്കുകയാണ്. അതിർത്തി നിർണ്ണയിച്ചശേഷം മേൽപ്പറഞ്ഞ സർവ്വേ പരിഗണിക്കാവുന്നതാണ്.

ചോദ്യം നമ്പർ 5525, 5526, 5527, 5528 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly